# കേരള സർവകലാശാല

No. CA.Admn/08A/665/2019 തീയതി: 11.12.2019

## പരസ്യം

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഒരു വർഷത്തേക്കുള്ള കാലയളവിൽ കെട്ടിടങ്ങളുടെ പരിസരവും റോഡുകളുടെ വശങ്ങളും മെഷീൻ ഉപയോഗിച്ച് കാടുവെട്ടി വൃത്തിയാക്കുന്നതിന് മുൻ പരിചയമുള്ള വ്യക്തികൾ, സ്വകാര്യ ഏജൻസികൾ, സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരിൽ നിന്നും മണിക്കൂർ നിരക്കിൽ തുക ക്വോട്ടുചെയ്തു മുദ്ര വച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

മുദ്ര വച്ച കവറുകൾ, കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറുടെ പേരിൽ എടുത്ത എസ്. ബി. ഐ, കാര്യവട്ടം ബ്രാഞ്ചിൽ മാറാവുന്ന 10,000/ രൂപയുടെ (പതിനായിരം രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം "Quotation for Deweeding in the University Campus, Kariavattom"എന്ന തലക്കെട്ടോടുകൂടി 2019 ഡിസംബർ 27-ാം തീയതി 3 മണിക്കു മുൻപായി കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കേ താണ്. കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും മേൽപറഞ്ഞ ഓഫീസുമായി ബന്ധപ്പെടുകയോ, **www.Kerala University.ac.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

ലഭിച്ച ദർഘാസുകൾ 2019 ഡിസംബർ **27-ാം തീയതി 4 മണിക്ക്** കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് തുറക്കുന്നതാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം സർവ്വകലാശാല കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടേതു ആയിരിക്കും.

**ജോയിന്റ് രജിസ്ട്രാർ**

**കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസ് പരിസരങ്ങളിലെ പുല്ലുകളുംഅടിക്കാടുകളും കുറ്റിക്കാടുകളും മെഷീൻ ഉപയോഗിച്ച് വെട്ടി വൃത്തിയാക്കുന്നതിനുള്ള വ്യവസ്ഥകൾ -**
**നോട്ടിഫിക്കേഷൻ നം.സി.എ. അഡ്മിൻ/08 എ /665/2019 തീയതി 11.12.2019**

*കാലാവധി*:- കാലാവധി കരാർ ഒപ്പിടുന്ന ദിവസം മുതൽ ഒരു വർഷം ആയിരിക്കും

*നിരതദ്രവ്യം:-* ക്വട്ടേഷനോടൊപ്പം ഇ.എം.ഡി. യായി എസ്.ബി.ഐ. കാര്യവട്ടം ശാഖയിൽ മാറാവുന്ന കാമ്പസ് ഭരണ വിഭാഗം, ഡെപ്യൂട്ടി രജിസ്ട്രാറുടെ പേരിലെടുത്ത പതിനായിരം രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് സമർപ്പിക്കണം. പ്രസ്തുത തുക കരാർ ലഭിക്കുന്ന പക്ഷം കരുതൽ നിക്ഷേപമായി കരാർ കാലാവധി അവസാനിക്കും വരെ സർവകലാശാലയിൽ നിലനിർത്തുന്നതാണ്. കാലാവധിക്കുള്ളിൽ സർവകലാശാലയ്ക്ക് സാമ്പത്തികമായോ അല്ലാതെയോ നഷ്ടം കരാറുകാരൻ വരുത്തിയാൽ പ്രസ്തുത തുകയിൽ നിന്നും നഷ്ടമായ തുക ഈടാക്കുകയോ മറ്റ്നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്.

*മറ്റ് വ്യവസ്ഥകൾ:-*

1) കാര്യവട്ടം കാമ്പസിലെ പൊതു ഇടങ്ങളിൽ വളർന്നു നിൽക്കുന്ന പുല്ലുകളും അടിക്കാടുകളും കാമ്പസ് ഭരണവിഭാഗം ആവശ്യപ്പെടുന്നതനുസരിച്ച് വർഷത്തിൽ കുറഞ്ഞത് മൂന്നു പ്രാവശ്യം കൃത്യമായ ഇടവേളകളിൽ മെഷീൻ ഉപയോഗിച്ച് വെട്ടി വൃത്തിയാക്കണം.

2) **മണിക്കൂർ നിരക്കിൽ 1.8hp- യോ അതിൽ കൂടുതലോ പവർ ഉള്ള കുറഞ്ഞത് മൂന്ന് പുല്ലുവെട്ട് യന്ത്രം ഒരേ സമയത്ത് പ്രവർത്തിപ്പിക്കണം. കൂടാതെ പണിക്കാരുടെ സഹായത്തിനും മെഷീൻ ഉപയോഗിച്ച് നീക്കാനാവാത്ത കുറ്റിച്ചെടികൾ വെട്ടുകത്തി ഉപയോഗിച്ച് വെട്ടി നീക്കാനുമായി ഒരു സഹായിയെകൂടി നിയോഗിക്കേണ്ടതാണ്**.

3) സർവകലാശാല നിർദേശമനുസരിച്ച് ആവശ്യാനുസരണം സേവനം ലഭ്യമാക്കേണ്ടതാണ്.

4) കരാറുകാരൻറെ എന്തെങ്കിലും നടപടി മൂലമോ കരരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികൾ മൂലമോ സർവകലാശാലയ്ക്ക് ഉണ്ടാകുന്ന സാമ്പത്തികമായോ അല്ലാതെയോ ഉള്ള എല്ലാ നഷ്ടങ്ങൾക്കും കരാറുകാരൻ ബാധ്യസ്ഥനാണ്.

5) കാമ്പസ് ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാറുടെ ഓഫീസ് നിയോഗിച്ചിട്ടുള്ള കാഷ്വൽ ജീവനക്കാരൻ കരാറുകാരൻ ഏറ്റെടുത്ത ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നതായിരിക്കും.

6) തൊഴിൽ നിയമ പ്രകാരവും ആദായ നികുതി നിയമ പ്രകാരവുമുള്ള എല്ലാ നികുതികളും കരാറുകാരൻ അടക്കേണ്ടതും നിലവിലുള്ള തൊഴിൽ നിയമങ്ങൾ എല്ലാം പാലിക്കേണ്ടതുമാണ്.

7) കൃത്യ നിർവഹണത്തിൽ വീഴ്ച വരുത്തുകയോ മേൽ വിവരിച്ച പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം അറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദാക്കാനുള്ള അധികാരം കാമ്പസ് ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

8) കരാറുകാരൻ ഈ ജോലിയിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് ആവശ്യമായ മുന്പരിചയ സർട്ടിഫിക്കറ്റുകളോ, ലൈസൻസോ ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

9) കരാർ ലഭിക്കുന്നയാൾ സ്വന്തം പേരിൽ വാങ്ങിയ 200 രൂപക്കുള്ള മുദ്രപത്രത്തിൽ ഒരു കരാർ പത്രം ഒപ്പ് വയ്ക്കേണ്ടതും അതിൽ പറയുന്ന നിബന്ധനകൾ വീഴ്ച വരുത്താതെ അനുസരിക്കേണ്ടതുമാണ്.



**ജോയിൻറ് രജിസ്ട്രാർ**